സംഹാരകാഹളം
മഹാശാസ്ത്രമൂലം
സൃഷ്ടിമന്ത്രം
ആദിവചനം
ശബ്ദബ്രഹ്മം
അക്ഷരബ്രഹ്മം
ദൈവത്തിന്റെ മഹാചിരി

GOD
has Arrived.
= MAHAASHAKTHI = BRAHMAM =
SUPREME MOTHER
of the Universe
has Arrived.

ദൈവം
മനുഷ്യരൂപത്തിൽ,
മഹാപ്രപഞ്ചത്തിന്റെ
മഹാപിതാവും മഹാമാതാവുമായ
മഹാദേവിയായി
മഹാഎഴുന്നെള്ളിക്കഴിഞ്ഞു.

പരമശിവൻ
ഏകദാസൻ, മഹാദാസൻ
പശുപതി, ശാസ്ത്രായുധൻ
പ്രപഞ്ച പിതാവ്
മഹാദേവൻ
PARAMASIVAN
Supreme Servant / SupremeOx
Father of the Universe
MAHAADEVAN

2018 ഏപ്രിൽ 15 ഞായറാഴ്ച

# പീഢനം, വധം, എന്നീ നീച-പ്രവൃത്തികളുടെ മേലുള്ള മാനുഷിക നീതിയും, ദൈവീക നീതിയും.

**കുഞ്ഞുങ്ങളും കുട്ടികളും ഗർഭിണികളും മുതിർന്നവരുമെല്ലാം കൊടും ക്രൂരമായി പീഡിപ്പിക്കപ്പെടുകയും, വധിക്കപ്പെടുകയും ചെയ്യുമ്പോൾ, 'പ്രതികളെ ശിക്ഷിക്കുന്നതിലൂടെ', ഉറ്റവരുടേയും സമൂഹത്തിലെ അനേകരുടെയും മനോവിഷമങ്ങളെ ഒരല്പം കുറയ്ക്കാൻ കഴിഞ്ഞേക്കാം എന്നല്ലാതെ; ഉറ്റവരുടെ തീരാ വേദനകളെയും തീരാ നഷ്ടങ്ങളെയും സമ്പൂർണ്ണമായി പരിഹരിക്കാൻ കഴിയില്ല. ഏറ്റവും പ്രധാനപ്പെട്ട കാര്യം മറ്റൊന്നാണ് : ക്രൂരമായി പീഡിപ്പിക്കപ്പെടുകയും, വധിക്കപ്പെടുകയും ചെയ്യുന്ന കുഞ്ഞിന് / വ്യക്തിക്ക് ഒരല്പം പോലും നീതി കൊടുക്കുവാൻ മനുഷ്യ-ക്കോടതി ഉൾപ്പെടെയുള്ള യാതൊരു മനുഷ്യർക്കും കഴിയുന്നതല്ല.**

**നീതി നിർണ്ണയിക്കാനോ നടപ്പാക്കാനോ മനുഷ്യന് കഴിവില്ല; കഴിയില്ല.വ്യക്തിയുടെ/ ജീവാത്മാവിന്റെ സൃഷ്ടി മുതലുള്ള ജീവിത കാലത്തെ ഓരോ നിമിഷത്തെയും പ്രവൃത്തികളെയും അനുഭവങ്ങളെയും വ്യക്തികൾ പോലും മറക്കുന്നതാണ്; മഹാനീതിപതി കൂടിയായ ദൈവം മാത്രം എല്ലാ വ്യക്തികളുടെയും എല്ലാ കാര്യങ്ങളെയും അറിയുകയും സർവ്വത്തിലും നീതി വിധിക്കുകയും ജന്മങ്ങളിലൂടെ മഹാസമനീതിയെ നടപ്പാക്കുകയും ചെയ്യുന്നു.**

**യഥാർത്ഥമായും ദൈവം മാത്രമാണ് മഹാനീതിപതിയെന്നു വിശ്വസിക്കുന്നവർ, യാതൊരാൾക്കും നീതി കൊടുക്കാൻ മനുഷ്യരുടെ ഊപ്പക്കോടതികൾക്ക് കഴിയില്ല എന്ന് അറിയുന്നു. അവർ നീതിക്കായി ജനസേവകർ എന്ന കള്ളപ്പേരിൽ ജനങ്ങളെ പീഡിപ്പിക്കുന്ന ഭരണകൂടത്തിനോട് മുറവിളി കൂട്ടാനും പോവില്ല.**

**ജീവിച്ചിരിക്കുന്ന ഇരകൾക്കും ഉറ്റവർക്കും വേണ്ടി, മണ്ണിൽ ജീവിക്കുന്നവർ പ്രവർത്തിക്കുന്നത് മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര നിയമങ്ങൾ പ്രകാരമായാൽ മാത്രമാണ് മാനുഷികമായ നീതി നിർവ്വഹണം അർത്ഥവത്താവുക. വിശദമാക്കാം :-**

**മറ്റുള്ള ജീവികൾ, മദ്ധ്യസ്ഥരില്ലാതെ, ശരീരം നൽകുന്ന ശക്തിക്കും ജ്ഞാനത്തിനും അനുസൃതമായി ഉടൻ സ്വയം നീതി നടപ്പാക്കുന്നു.**

**എറുമ്പും പശുവും കോഴിയും പൂച്ചയും നായയും പുലിയും ഉൾപ്പെടെയുള്ള മറ്റുള്ള ജീവികൾ, മണ്ണിലെ മൂലകങ്ങൾ കൊണ്ട് ശരീരം സ്വയം സൃഷ്ടിക്കുന്ന ശരീരത്തിലൂടെ ലഭ്യമാകുന്ന ശക്തികൾക്കും ജ്ഞാനത്തിനും അനുസൃതമായി ഭക്ഷണം ഉൾപ്പെടെയുള്ള ആനന്ദങ്ങളെ നേടുന്നതോടൊപ്പം, തങ്ങളെ ആക്രമിക്കുന്നവരെയും ഇഷ്ടമില്ലാത്തതിനെയും എതിർക്കാൻ ശ്രദ്ധിക്കുന്നുണ്ട്.**

**പ്രതിരോധം പോലെയുള്ള അത്യാവശ്യങ്ങൾക്ക് (ദൈവാംശമായ) ശരീരം നൽകുന്ന ശക്തികളെയും ജ്ഞാനത്തെയും ഉപയോഗിച്ച് മറ്റുള്ള ജീവികൾ സ്വയമാണ് പ്രതിരോധിക്കുന്നത്. അവർക്ക് മധ്യസ്ഥരില്ല. കുട്ടികളെ രക്ഷിക്കാൻ വേണ്ടി പുലി, സിംഹം പോലെയുള്ള ഹിംസ്രമൃഗങ്ങളുമായി പോലും ഏറ്റുമുട്ടാൻ മാൻ, കഴുത തുടങ്ങിയ ശാന്ത-മൃഗങ്ങൾ തയ്യാറാവും! അവയെ കാട്ടുപോത്ത്, ആന തുടങ്ങിയവ സഹായിക്കുന്നതും രക്ഷിക്കുന്നതും പലപ്പോഴും കാണാനും കഴിയും.**

**ദൈവാംശമായ ശരീരം നൽകിയതും ആർജ്ജിക്കാൻ കഴിഞ്ഞതുമായ ശക്തികളെയും ജ്ഞാനത്തെയും കൊണ്ട്, ആനന്ദങ്ങളെ സംരക്ഷിക്കാൻ ശ്രദ്ധിക്കുന്ന പോലീസുകാരനും മന്ത്രിയും രാജാവും കൂടിയാണ് ഓരോ ജീവിയും !**

**ദൈവം അഥവാ പ്രത്യക്ഷ ദൈവാംശമായ ശരീരം കൂടുതൽ ബുദ്ധി ശക്തിയും, ശാസ്ത്ര ജ്ഞാനവും നൽകിയിട്ടുള്ള മനുഷ്യ-ജീവിയുടെ കാര്യം വിശകലനം ചെയ്താൽ; പ്രതിരോധം പോലെയുള്ള അത്യാവശ്യങ്ങൾക്ക് (ദൈവാംശമായ) ശരീരം നൽകുന്ന ശക്തികളെ മറ്റുള്ള ജീവികളെപ്പോലെ മനുഷ്യർ സ്വയം ഉപയോഗിക്കുന്നില്ല എന്നു കാണാം. മധ്യസ്ഥന്മാരാണ് പ്രവർത്തിക്കുന്നത്.**

**നൂറ്റാണ്ടുകളായി രൂപപ്പെട്ട ബഹുവിധ മത-ജാതി-രാഷ്ട്രീയ വ്യവസ്ഥിതികളിലൂടെ ബഹുഭൂരിപക്ഷം ജനങ്ങളെയും മന്ദബുദ്ധികളായി പരിവർത്തനം ചെയ്തു കൊണ്ട്, പ്രതിരോധം ഉൾപ്പെടെയുള്ള ജനങ്ങളുടെ അനവധി അവകാശങ്ങളെയും അധികാരങ്ങളെയും പോലീസ്, സൈനികർ, ജഡ്ജിമാർ, മന്ത്രിമാർ, ഭരണകാര്യാലയങ്ങളിലെ ഉദ്യോഗസ്ഥർ, മത-ജാതി-രാഷ്ട്രീയ നേതാക്കളും പ്രവർത്തകരും, മനുഷ്യ-കുട്ടിദൈവങ്ങൾ തുടങ്ങിയവർ തട്ടിയെടുത്തിരിക്കുകയാണ്.**

**കുട്ടികൾ ഉൾപ്പെടെയുള്ള ഉറ്റവർ അകാരണമായി ഉപദ്രവിക്കപ്പെടുകയാണെങ്കിൽ പ്രതിരോധിക്കാനും, അതിന്റെ ഭാഗമായി കുറ്റവാളികളെ അപൂർവ്വമായി വധിക്കാനും സാധാരണ ജനങ്ങൾ തയ്യാറായാൽ, അവരെ പ്രതികളായും അപരാധികളായും കണക്കാക്കി അറസ്റ്റ് ചെയ്യാനും, വിചാരണ ചെയ്യാനും, ജയിലിൽ അടയ്ക്കാനും, ശിക്ഷിക്കാനും, മനുഷ്യരുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റുവാൻ പ്രവർത്തിക്കുന്നവർ എന്ന പേരിൽ, മേല്പടി മധ്യസ്ഥർ അവരുണ്ടാക്കുന്ന ഭൗതിക-അസ്തിത്വം ഇല്ലാത്തതായ (അധമ) നിയമങ്ങൾ പ്രകാരം നീതി നിർവ്വഹിക്കുന്നതായി വേഷം കെട്ടുന്നതാണ് സമൂഹത്തിലെ പ്രധാന ന്യൂനത.**

**ജനസേവകർ എന്ന കള്ളപ്പേരോടെ, ദൈവം നൽകിയ സ്വാതന്ത്ര്യങ്ങളെ കവർന്നെടുക്കുന്ന മേല്പടി സംഘത്തെ പേപ്പട്ടികളേക്കാൾ കൂടുതലായി പേടിക്കുകയും, അവരെയും കുടുംബത്തെയും ചെല്ലും ചെലവും കൊടുത്ത് തീറ്റിപ്പോറ്റുകയും ചെയ്യുന്ന അടിമകളായി മനുഷ്യർ മാറിയിരിക്കുന്നു.**

**ചുരുക്കത്തിൽ, ജീവികളുടെയെല്ലാം സ്വത്വമായ ജീവാത്മാവിന് സ്വന്തമെന്നോണമുള്ള ദൈവാംശമായ ശരീരം നൽകിയ സ്വാതന്ത്ര്യത്തെയും ശക്തികളെയും അത്യാവശ്യമായ പ്രതിരോധ നടപടികൾക്കു പോലും ഉപയോഗിക്കാൻ കഴിയാതെ, മറ്റുള്ള ജീവികളേക്കാൾ തരംതാണ്, കൂട്ടത്തിൽ പെട്ടവരുടെ അടിമയായി ക്കൊണ്ട് മനുഷ്യൻ എന്ന ജീവി ജീവിക്കുന്നു. ശരിയും തെറ്റും എന്താണെന്ന് അവർക്ക് അറിയില്ല; ദുസ്വാർത്ഥങ്ങളും അടിമത്തവും കൊണ്ട് അറിയാൻ ആഗ്രഹവുമില്ല.**

**കുഞ്ഞുങ്ങളും കുട്ടികളും ഗർഭിണികളും മുതിർന്നവരുമെല്ലാം കൊടും ക്രൂരമായി പീഡിപ്പിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്യുമ്പോൾ കുറച്ചു പേർ അധികമായി വാചാലരാകും. വളരെ പ്പേർ അപ്പോഴും ജനസേവകരായി വേഷംകെട്ടലുകൾ നടത്തും.**

**ഭൂമിയിലെ ഇന്നത്തെ ഏറെക്കുറെ 750 കോടി വരുന്ന മുഴുവൻ മനുഷ്യർക്കും, ജ്ഞാനവും ശക്തിയും കൂടുതൽ ലഭിച്ചിട്ടുള്ളതിനാൽ, യഥാർത്ഥത്തിൽ മറ്റുള്ള ജീവികളേക്കാൾ കൂടുതൽ സ്വതന്ത്രരായ രാജാക്കന്മാരായി ജീവിക്കാൻ കഴിയും; കഴിയണം. മനുഷ്യർ നേടുന്നതും, സ്വന്തമാക്കിയെന്നു കരുതുന്നതുമായ ആനന്ദങ്ങൾ എന്തായാലും - ഉറ്റവരായ മനുഷ്യരായാലും, മറ്റുള്ള ജീവികളായാലും, ഭക്ഷണം ഉൾപ്പെടെയുള്ള വസ്തുക്കളായാലും, വിഷയങ്ങളായാലും - ധർമ്മശാസ്ത്ര പരമായി അനുഭവിക്കാൻ കഴിയണമെങ്കിൽ, മറ്റുള്ള ജീവികളെ പ്പോലെ പ്രസ്തുത ആനന്ദങ്ങളെ മദ്ധ്യസ്ഥരില്ലാതെ സ്വയം സംരക്ഷിക്കാൻ കഴിയണം.**

**<u>അതിന്നർത്ഥം ജനസേവകരെ വേണ്ടെന്നല്ല.</u>**
**ഭൗതിക ശാസ്ത്ര നിയമങ്ങളെ പോലെ മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര നിയമങ്ങളെ കണ്ടെത്തുകയും, അവ പ്രകാരം ഭൂമിയിലെ സമസ്ത വിഷയങ്ങളെയും തൊഴിലുകളെയും യഥാർത്ഥ 4 വിഭജനങ്ങളായ ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നീ ക്രമത്തിൽ ചിട്ടപ്പെടുത്തുകയും വേണം.**

ജനസേവകർ സമൂഹത്തിലെ ആവശ്യം മാത്രമാണ്; അത്യാവശ്യം പോലുമല്ല. അതേസമയം ഉറ്റവരുടെ വേദനകളും നഷ്ടങ്ങളും കുറയ്ക്കാൻ ജനസേവകർക്ക് തീർച്ചയായും കഴിയുന്നതാണ്. എന്നാൽ ഭൂമിയിൽ ജനസേവകരില്ല; ജനങ്ങളുമില്ല.

ബഹുവിധ മത-ജാതി-രാഷ്ട്രീയ വ്യവസ്ഥിതികൾ പ്രകാരം മത-ജാതി-രാഷ്ട്രീയ ജീവികളായും മറ്റും ജീവിക്കുന്നവർ ജനങ്ങളുമല്ല; തോന്നും പോലെയുള്ള നിയമങ്ങൾ പ്രകാരവും അല്ലാതെയും അവരെ സേവിക്കുന്നതായി ഭാവിച്ച് ഭരിച്ചു പിഴിപ്പിക്കുന്നവർ ജനസേവകരുമല്ല.

മണ്ണിലെ നിയമങ്ങളെ സ്വീകരിക്കാൻ തയ്യാറാകുമ്പോൾ മനുഷ്യൻ എന്ന ജീവിയായി മത-ജാതി-രാഷ്ട്രീയ ജീവികൾക്ക് പരിണാമം ഉണ്ടാകുന്നതാണ്. ജനങ്ങളെ ഭരിച്ചും കള്ളഭക്ഷണം കഴിച്ചും ജീവിക്കുന്ന മത-ജാതി-രാഷ്ട്രീയ നേതാക്കളും മറ്റുമായ തെമ്മാടികൾക്ക് = എമ്പോക്കികൾക്ക് അത് ഇഷ്ടമാവില്ല.

**ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ മാത്രം ധർമ്മ ശാസ്ത്ര പ്രകാരം പരിഹരിക്കാനായി ജനങ്ങൾ നിയമിക്കുന്നവരാണ് ജനസേവകർ. അവരെയും കുടുംബത്തെയും തീറ്റിപ്പോറ്റുന്ന 'യജമാനന്മാരായ ജനങ്ങളുടെ' സേവകർക്ക്, 'ഭരണാധികാരികളാണ് തങ്ങളെന്ന' അബദ്ധ ധാരണകൾ ഉണ്ടായിരിക്കുന്നു. മനുഷ്യർ ഉൾപ്പെടെയുള്ള സമസ്ത ജീവികളെയും സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന മണ്ണും ഭൂമിയും രാജ്യങ്ങളുമായ ദൈവം, മണ്ണിൽ മഹാലയിപ്പിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര പ്രകാരം ജനങ്ങളെ സേവിക്കാൻ ബാദ്ധ്യസ്ഥരായ ജനസേവകർ, 'ദൈവാംശമായ രാജ്യത്തെ തന്നെ ഭരിക്കുന്നതായ മിഥ്യാബോധം പുലർത്തുകയും', അടിമകളായ മത-ജാതി-രാഷ്ട്രീയ ജീവികൾ അധമ പൈശാചിക നിയമങ്ങളെ ഏറ്റു പാടുകയും ചെയ്യുകയാണ്. അതായത് ഭരണാധികാരികൾ ആണെന്ന അസത്യ വിശ്വാസത്തോടെ തങ്ങൾക്കു ശരിയെന്നു തോന്നുന്നതും ഭൗതിക-അസ്തിത്വം ഇല്ലാത്തതുമായ (അധമ) നിയമങ്ങളെ തട്ടിക്കൂട്ടിക്കൊണ്ട് (മത-ജാതി-രാഷ്ട്രീയ ജീവികൾ മാത്രമായ ജനങ്ങളെ) ഭരിക്കുമ്പോഴാണ് സമൂഹത്തിൽ ധാർമ്മിക അധഃപതനം സംഭവിക്കുന്നത്.**

**ഭൂമിയിലെങ്ങുമുള്ള എല്ലാ മനുഷ്യരും ധർമ്മശാസ്ത്രപരമായിട്ട് സ്വാതന്ത്ര്യങ്ങളുള്ള രാജാക്കന്മാരാണെന്നും, യാതൊരാളും മറ്റുള്ളവരുടെ അടിമകളല്ലെന്നും, യാതൊരു മനുഷ്യനും രാജ്യങ്ങളിലെ രാജാക്കന്മാരെക്കാൾ ചെറിയവരല്ലെന്നും ഭിക്ഷക്കാരനേക്കാൾ വലിയവരല്ലെന്നുമുള്ള ബോധം ഉണരണം; ഉറയ്ക്കണം.**

ജനങ്ങൾ ചെല്ലും ചെലവും കൊടുത്ത് തീറ്റിപ്പോറ്റുകയും ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ മാത്രം ധർമ്മ ശാസ്ത്ര പ്രകാരം പരിഹരിക്കാനായി പ്രവർത്തിക്കേണ്ടുന്നവരുമായ **രാജാവും മന്ത്രിമാരും പോലീസും ഉൾപ്പെടെയുള്ള സേവകരെല്ലാം അനുസരിക്കേണ്ടത് മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്രത്തെ ആവണമെന്നും, മേലുദ്യോഗസ്ഥരെ ആവരുതെന്നും ഉറയ്ക്കണം.**

കള്ളനെയോ കുട്ടികളെയും മറ്റും പീഡിപ്പിച്ചവനെയോ തനിപ്പെട്ട വ്യക്തിയോ, സമൂഹത്തിലെ ഏതാനും വ്യക്തികളോ പിടികൂടുകയും വധം, കാട്ടിലേക്ക് കടത്തുക തുടങ്ങിയ ശിക്ഷകളെ നടപ്പാക്കുകയും ചെയ്താൽ, **വധിക്കപ്പെട്ടവരെ കുഴിച്ചിടുക എന്ന ജോലി മാത്രമാണ് ജനസേവകരായ പോലീസും മന്ത്രിയും ഒക്കെ ചെയ്യേണ്ടത് എന്ന നിലയിലേക്ക് പരിവർത്തനം ഉണ്ടാകണം.**

അറസ്റ്റ്, കേസ്, കോടതി, വിചാരണ, ജയിൽ തുടങ്ങിയ അധമ കോപ്രായങ്ങൾ അവസാനിക്കണം. **സേവകനെ ഭരണാധികാരിയായി അംഗീകരിച്ചിട്ടുള്ള ഇന്നത്തെ നിലപാട് മാറ്റണം. ഓരോ പഞ്ചായത്തിന്റെയും ഭാഗമായി ആവശ്യമായ പോലീസുകാരെ നിയമിക്കുകയും വേതനം നൽകുകയുമാണ് വേണ്ടത്. അപ്പോൾ അവർ ജനങ്ങളുടെ ഭാഗമായി മാത്രം പ്രവർത്തിക്കുന്നതുമാണ്. അപ്പോൾ മാത്രമേ കുഞ്ഞുങ്ങളെ ഉൾപ്പെടെ ഓരോ വ്യക്തിയെയും സംരക്ഷിക്കുവാൻ വ്യക്തിക്കും സമൂഹത്തിനും കഴിയൂ. പോലീസുകാരെയും കുടുംബത്തെയും ചെല്ലും ചെലവും കൊടുത്ത് തീറ്റിപ്പോറ്റുന്ന ജനങ്ങളെ മർദ്ദിക്കുകയും പീഡിപ്പിക്കുകയും വെടിവെയ്ക്കുകയും ചെയ്യുന്ന നീചരായിട്ട് പോലീസ് സേനയെ അധഃപതിപ്പിച്ചത് മത-ജാതി-രാഷ്ട്രീയ നേതാക്കളായ ഭരണാധികാരികളാണ്. ഭരണാധികാരികളും പോലീസും സൈനികരും ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും ചെയ്തതും ചെയ്യുന്നതും എന്താണെന്ന് അവർക്ക് തന്നെ അറിയില്ല. ജനങ്ങളുടെ നടപടികളിൽ ധാർമ്മിക വീഴ്ച്ച സംഭവിക്കാതെ ശ്രദ്ധിക്കുക, ഉപദേശിക്കുക തുടങ്ങിയവ സേവകരുടെ കടമകളിൽ പെടുന്നു എന്നല്ലാതെ ഭരിക്കാൻ അവകാശവും അധികാരവും ഇല്ല.**

സൂചിത മഹാവേദഗ്രന്ഥത്തിലെ ഒരു അദ്ധ്യായത്തെ ചുവടെ ഭാഗികമായി ചേർക്കുന്നു :-

## വ്യക്തിസ്വാതന്ത്ര്യവും നീതിശാസ്ത്രവും : സ്ത്രീപുരുഷ സമത്വം.

സ്ത്രീയ്ക്ക് സമസ്വാതന്ത്ര്യം എന്നു വാദിക്കുന്നവർ, ദൈവത്തെ മറന്നവരാണ്/അവഗണിച്ചവരാണ്; ദൈവീകനീതി എന്തെന്ന് അറിയാൻ ആഗ്രഹിക്കാത്തവരോ അന്വേഷിക്കാത്തവരോ ആണ്.

**സ്ത്രീയെ പുരുഷന്റെ യജമാനയായിട്ടാണ് ദൈവം മഹാഉയർത്തിയിട്ടുള്ളത്, സമമായിട്ടോ താഴെയായിട്ടോ അല്ല.**

ദൈവ-വിപ്ലവത്തോടെ ഉടൻ ഭൂമിയിലെങ്ങും ജീവിതത്തിൽ സ്ത്രീയുടെ ദാസനായി പുരുഷൻ മാറുന്ന മഹാഅവസ്ഥ ഉണ്ടാകുന്നതുമാണ്. അങ്ങനെയിരിക്കെ സ്ത്രീ-പുരുഷ സമത്വ വാദങ്ങൾ, ശാസ്ത്രങ്ങളറിയാതെ പുലമ്പുന്ന വാഗ്ധോരണികളും ഭോഷത്തങ്ങളും മാത്രമാണ്.

മാനുഷിക-ജന്മഗുണങ്ങളിൽ ആദ്യത്തേതാണ് സ്ത്രീ-പുരുഷ വ്യത്യാസമെന്നും, അവയിൽ നീതി നടപ്പാക്കാൻ മാനുഷിക ഭരണസമ്പ്രദായങ്ങൾക്ക് കഴിയില്ല/കഴിവില്ല എന്നുമറിയണം. മനുഷ്യരുടെ കാര്യത്തിൽ, സ്ത്രീയ്ക്ക് സൃഷ്ടിയിൽ ദൈവം ചില പ്രത്യേക അവകാശങ്ങൾ നൽകിയിരിക്കുന്നതിനെ പ്പറ്റി ഇനി കുറിക്കാം. **മഹാശക്തിയായ ദൈവം സ്ത്രീയെ സൃഷ്ടിയുടെ സമ്പൂർണ്ണ അധികാരിയാക്കിരിക്കുകയാണ്.**

സ്ത്രീയ്ക്ക് 100%. പുരുഷന് 0 %. ... ശാസ്ത്ര വികസനത്തോടെ, പുരുഷബീജമില്ലാതെയും ഭ്രൂണം സൃഷ്ടിക്കപ്പെടുമെന്ന് വ്യക്തമാകുമ്പോഴും, ഗർഭവും പ്രസവവും സ്ത്രീയുടെ സ്വന്തമാണ്. തന്റെ ശരീരം സ്വീകരിക്കുന്ന ഭക്ഷണത്തിന്റെ ഓഹരി സ്ത്രീയുടെ ശരീരാവയവങ്ങളിലൂടെ കുഞ്ഞിന് നൽകപ്പെടുകയാണ്. പുരുഷന് അപ്പോഴും സ്ഥാനമില്ല. പ്രസവിച്ചു കഴിയുമ്പോൾ മുലയൂട്ടുന്നതും സ്ത്രീയാണ്. പുരുഷന് അപ്പോഴും സ്ഥാനമില്ല. കുഞ്ഞിനെ പരിചരിക്കുന്നതിലും മുഖ്യപങ്ക് സ്ത്രീയ്ക്കാണ്.

പുരുഷന് ഒരു കുട്ടിയുടെ മേൽ അവകാശമുണ്ടാകുന്നത് പുരുഷൻ സ്ത്രീയോടും കുട്ടിയോടും ധർമ്മശാസ്ത്ര പരമായിട്ട് പ്രവർത്തിക്കുമ്പോഴാണ്, അവരെ യഥോചിതം പരിചരിക്കുമ്പോൾ മാത്രമാണ്. ഭാവി തലമുറയെക്കൂടി സംരക്ഷിക്കുന്ന സ്ത്രീയുടെ ദാസനായിട്ട് പുരുഷൻ വർത്തിക്കേണ്ടതുണ്ട്. ഏറ്റവും നന്നായി സ്ത്രീയെ പരിചരിക്കുന്ന പുരുഷന് കുട്ടിയുടെ മേൽ 30% മാത്രമാണ് ശക്തിശാസ്ത്രമനുസരിച്ച് അവകാശമുണ്ടാവുക. ..പുരുഷന്മാർക്ക് യാതൊരു അവകാശങ്ങളും സൃഷ്ടികാര്യത്തിൽ ദൈവം നൽകുന്നില്ലായെന്നത് വ്യക്തമായ ഉദ്ദേശത്തോടെയാണ്. തന്റെ ശുദ്ധവൃത്തി കൊണ്ട് പുരുഷൻ കുട്ടികളുടെ മേൽ അവകാശം സമ്പാദിക്കണമെന്നാണ് ധർമ്മശാസ്ത്രം.

ഭാര്യയിൽ മാത്രം കാമാനന്ദം ആഗ്രഹിക്കുന്ന അവസ്ഥയിലേക്ക് പുരുഷനെ നയിക്കുക കൂടിയാണത്. സമൂഹത്തിലെ വ്യക്തികളുടെ ജീവിതം മംഗളമാകുവാൻ അതാവശ്യമാണ്. പകരം പരസ്ത്രീകളെയും പരപുരുഷന്മാരെയും ആഗ്രഹിക്കുകയും പ്രാപിക്കുകയുമൊക്കെ ചെയ്യുന്ന അവസ്ഥ വ്യക്തികൾക്ക് ഉണ്ടായാൽ മറ്റുള്ള ജീവികളുടേതിൽ നിന്നും വ്യത്യസ്തമായ സദാചാര ശാസ്ത്രത്തെ ദൈവം മഹാആവിഷ്ക്കരിച്ചതിന്റെയും മനുഷ്യന്റെ സൃഷ്ടി വ്യത്യാസപ്പെടുത്തിയതിന്റെയും ഉദ്ദേശം പാളിപ്പോകുന്നതാണ്. (ഇന്നത്തെ സമൂഹത്തിൽ വളരെയധികം പാളിച്ച സംഭവിച്ചുകഴിഞ്ഞു.).

സ്ത്രീയുടെ സമ്മതമില്ലാതെ പുരുഷൻ സ്ത്രീയെ പ്രാപിച്ചാലും സ്ത്രീ ഗർഭവതിയായെന്നു വരും; ലൈംഗികബന്ധമില്ലാതെ പുരുഷബീജങ്ങളെ പ്രവേശിപ്പിച്ചും, കൂടാതെ ക്ലോണിങ്ങിലൂടെയും മറ്റും സ്ത്രീയ്ക്ക് ഗർഭവതിയാവാനും പ്രസവിക്കാനും കഴിഞ്ഞെന്നു വരും; എന്നതെല്ലാം സ്രഷ്ടാവ് ദൈവമാണെന്ന് സ്ത്രീയെയും സമൂഹത്തെയും ഓർമ്മിപ്പിക്കുന്നുണ്ട്. ഭ്രൂണത്തിന് കാരണമാകുന്ന അണ്ഡത്തെ സ്ത്രീയിൽ സൃഷ്ടിക്കുന്നത് സ്ത്രീയല്ല എന്നതും, സ്ത്രീയുടെ ശരീരത്തിൽ ഭ്രൂണം സൃഷ്ടിക്കപ്പെടുമ്പോഴും വളരുമ്പോഴുമുള്ള പ്രവർത്തനങ്ങളും സ്ത്രീയുടെ നിയന്ത്രണത്തിലല്ല എന്നതും സ്രഷ്ടാവ് ദൈവമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

കുഞ്ഞിനെ പ്രസവിക്കുന്നത് അഥവാ സൃഷ്ടി നടത്തുന്നത് സ്ത്രീയിലൂടെ ആകയാൽ ദൈവം സ്ത്രീയെ ആശ്രയിക്കുന്നതു പോലെയുള്ള ഒരവസ്ഥ ഉണ്ടാക്കപ്പെടുന്നുണ്ട് ; സ്ത്രീയെ ഉയർത്തുവാൻ ദൈവം തന്നെ മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാപദ്ധതിയാണത്, മഹാശാസ്ത്രത്തെ ആവിധത്തിൽ മഹാആവിഷ്ക്കരിച്ചിട്ടുള്ളത് ദൈവം തന്നെയാണ്. ദൈവത്തിന് ആശ്രയം വേണ്ടതന്നെ. സൃഷ്ടിയുടെ മഹാഅധികാരി ദൈവമാണെങ്കിലും സ്ത്രീയോട് പ്രത്യേക വാത്സല്യം കാട്ടിക്കൊണ്ട് സ്ത്രീയെ അധികാരിയാക്കിയിരിക്കുകയാണ്.

**സൃഷ്ടിയുമായി ബന്ധപ്പെട്ട മേല്പടി അധികാരം സ്ത്രീയ്ക്ക് ദൈവം നൽകിയില്ലെങ്കിൽ സ്ത്രീയുടെ സ്ഥാനവും പുരുഷനെപ്പോലെ മറ്റൊരു പൂജ്യമാകുന്നതാണ്.**

സ്ത്രീയെയും കുഞ്ഞിനെയും പുരുഷൻ പരിചരിച്ചില്ലെങ്കിൽ ഗർഭം ഉപേക്ഷിക്കുവാനും, അതേപോലെ കഷ്ടങ്ങളും നഷ്ടങ്ങളും സഹിച്ച് തന്റെ ഗർഭം നിലനിർത്തുവാനും ദൈവം സ്ത്രീയ്ക്ക് സമ്പൂർണ്ണ അധികാരം നൽകിയിട്ടുണ്ട്. പുരുഷനോ സമൂഹ ഭരണകൂടത്തിനോ അത്തരം വ്യക്തിസ്വാതന്ത്ര്യ- കാര്യങ്ങളിൽ കൈകടത്താൻ അവകാശമില്ല. നിരാലംബയായ സ്ത്രീയ്ക്ക് ഏതു മാർഗ്ഗത്തിലൂടെയും ഗർഭം നിലനിർത്തുവാനും കുഞ്ഞിനെ വളർത്തുവാനും അധികാരമുണ്ടെന്നു പറയുമ്പോൾ കാമാനന്ദം ആഗ്രഹിക്കുന്ന പുരുഷന്മാരോട് മുൻകൂട്ടി വേതനം അറിയിച്ചും വാങ്ങിക്കൊണ്ടും ചെയ്യുന്ന കാമസേവനം എന്ന വേശ്യാവൃത്തിയും ഉൾപ്പെടുന്നതാണ്.

സ്ത്രീയ്ക്ക് തന്റെ ശരീരഭാഗങ്ങളെ കാമപരമായി പ്രദർശിപ്പിക്കാതെയും, പരസ്യമായല്ലാതെയും, കാമസേവനം സ്വകാര്യതയോടെ നടത്തുവാനും കാട്ടിൽ പോകാതെ നാട്ടിൽതന്നെ ജീവിക്കുവാനും ധർമ്മശാസ്ത്രം അനുവദിക്കുന്നു എന്നാണർത്ഥം.

നിരാലംബയായ സ്ത്രീയെ സംരക്ഷിക്കുന്നതിൽ സമൂഹവും ഭരണകൂടവും പരാജയപ്പെടുമ്പോൾ മാത്രമാണ് മേല്പറഞ്ഞ കാമസേവന-വൃത്തി സ്ത്രീ ചെയ്യേണ്ടി വരുന്നത് എന്നത് സമൂഹത്തിലെ വ്യക്തികളെയും ഭരണകൂടത്തെയുമാണ് ലജ്ജിപ്പിക്കുന്നത്. നിരാലംബരായ സ്ത്രീകൾ കാമസേവനത്തിന് തയ്യാറാവുന്ന നാട്ടിൽ ഭരണാധികാരികൾ/ന്യായാധിപന്മാർ ഉണ്ടെന്നു പറയുന്നത് ദൈവീകമല്ല. അവരെ ഭരണാധികാരി എന്നു വിളിച്ചുകൂടാ. ഭരണാധികാരികളുടെ ഭരണപരമായ വീഴ്ചകൊണ്ട് സ്ത്രീയ്ക്ക് നീചമാർഗ്ഗം സ്വീകരിക്കേണ്ടി വന്നതിനാൽ ഭരണാധികാരിയെ കൂട്ടിക്കൊടുപ്പുകാരൻ എന്നുതന്നെയാണ് വിളിക്കേണ്ടത്.

ഭൂമിയിൽ ഇന്നുള്ള ജഡ്ജിമാർ ഉൾപ്പെടെയുള്ള ഭരണാധികാരികളെല്ലാം പ്രസ്തുത അപരനാമത്തിന് അർഹരാണ്. നിരാലംബരായ സ്ത്രീകൾ മറ്റുള്ളവർക്ക് വലിയ ശല്ല്യമുണ്ടാക്കാതെ കാമകാര്യങ്ങളിലെ സ്വകാര്യത സൂക്ഷിച്ച് കാമസേവനം നടത്തി ജീവിക്കുമ്പോൾ, അവരെയും ഇടപാടുകാരെയും പീഢിപ്പിക്കുവാൻ ഭരണകൂടങ്ങൾ തയ്യാറാവുന്നത് ധർമ്മശാസ്ത്രപരമല്ല എന്നുമർത്ഥം. സിനിമകളും ടെലിവിഷനും ഇന്റർനെറ്റും മറ്റ് മാധ്യമങ്ങളുമൊക്കെയാണ് യഥാർത്ഥത്തിൽ കടുത്ത-അധമങ്ങളായിരിക്കുന്നത്.

അവയിലെ പ്രവർത്തകരും അവയെ അനുവദിച്ചിരിക്കുന്ന ഭരണകൂടവുമാണ് ഏറ്റവും വലിയ കാമപരമായ-അധമർ. ധർമ്മശാസ്ത്ര പരമായിട്ട് മുഖ്യമായി തിരുത്തേണ്ടതും ശിക്ഷിക്കേണ്ടതും ഭരണകൂടത്തിൽ പ്രവർത്തിക്കുന്നവർ ഉൾപ്പെടെയുള്ള മേല്പടി അധമരെയാണ്. സ്ത്രീ കാമാനന്ദത്തിനായി കാമസേവനത്തിന് തയ്യാറാവുമ്പോൾ അതിന്റെ ഭാഷ്യം മാറുന്നതാണ്, അങ്ങനെ വരുമ്പോൾ, തെറ്റു തിരുത്തുവാൻ സ്ത്രീ സ്വമേധയാ തയ്യാറാവുകയോ, അല്ലാത്തപക്ഷം, കാട്ടിലേക്കു പോവുകയോ വേണം. ജന്തു-കാമവ്യവസ്ഥിതി കാട്ടിലാകാം, നാട്ടിൽ പാടില്ല. അതേസമയം, സ്ത്രീ സ്വമേധയാ കാട്ടിൽ പോകാൻ തയ്യാറായില്ലെങ്കിൽ മഹാഉചിതമായി മഹാഭരണാധികാരിയായ ദൈവം ഇടപെടുന്നതാണ് എന്നല്ലാതെ നാട്ടിലെ മനുഷ്യ-ഭരണകൂടമോ, നാട്ടുകാരോ തങ്ങൾക്കു തോന്നുമ്പോലെ നീതി നടത്താൻ പാടില്ല.

പരസ്ത്രീ-പുരുഷ ഗമനങ്ങൾ അസാദ്ധ്യമാകുന്നതോടെയും, വ്യക്തികൾ സ്വയം ദുരാചാരങ്ങളെ വെറുക്കുന്നതോടെയും, സെക്സ്-കോപ്രായങ്ങളും അസ്തമിക്കുന്നതാണ്.

ദൈവദത്തമായ സൗന്ദര്യത്തിൽ സ്ത്രീകൾ മത്സരിക്കുന്നത് ഉൾപ്പെടെയുള്ള മത്സരകോപ്രായങ്ങളും അശാസ്ത്രീയമായ സൗന്ദര്യവർദ്ധന സമ്പ്രദായങ്ങളും അവസാനിക്കുന്നതാണ്.

ഭർത്താവ് ഒഴികെയുള്ളവർക്ക് തങ്ങൾ അമ്മയെപ്പോലെയാവണം എന്ന രീതിയിൽ വസ്ത്രധാരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ശ്രദ്ധിക്കുവാനും ശരീരത്തെ പ്രദർശന വസ്തുവാക്കാതെ സൂക്ഷിക്കുവാനും സ്ത്രീയ്ക്ക് ഉത്തരവാദിത്തമുണ്ട്. എന്നാൽ ശരീരത്തിന്റെ സ്വകാര്യത കാക്കാതെ ധർമ്മശാസ്ത്രം തെറ്റിച്ചു ജീവിക്കുന്ന സ്ത്രീകളെ ശിക്ഷിക്കുവാൻ ഭർത്താവ് ഉൾപ്പെടെ യാതൊരു വ്യക്തികളെയും സമൂഹത്തെയും/ഭരണകൂടത്തെയും ധർമ്മശാസ്ത്രം അനുവദിക്കുന്നില്ല. യഥാർത്ഥമായും തെറ്റുചെയ്തവർക്ക് കനത്ത ശിക്ഷ മഹാനീതിശാസ്ത്രപ്രകാരം ദൈവം നേരിട്ടു നല്കുന്നതാണ്. പുരുഷന്മാർ കല്ലെറിയാൻ നടക്കേണ്ടെന്നും സാരം. ഇന്നത്തെ പുരുഷൻ നാളത്തെ/അടുത്ത ജന്മത്തിലെ സ്ത്രീയാവാം എന്നതും ഓർക്കാവുന്നതാണ്. ദാമ്പത്യ ജീവിതത്തിൽ ധർമ്മശാസ്ത്രം തെറ്റിച്ചു ജീവിക്കുന്ന പുരുഷനോട് എങ്ങനെ പെരുമാറണമെന്നതും സ്ത്രീ നിശ്ചയിക്കുക, സ്ത്രീയും കുട്ടികളും കൂടി നിശ്ചയിക്കുക, സ്ത്രീയ്ക്ക് ഉപദേശമോ സഹായമോ ആവശ്യമുണ്ടെങ്കിൽ ഭരണകൂടം സഹായിക്കുക എന്നിങ്ങനെയാണ് ധർമ്മശാസ്ത്രം.

സ്ത്രീയെ ലൈംഗികമായി പീഢിപ്പിക്കുന്ന പുരുഷന്റെ/പുരുഷന്മാരുടെ മേൽ നീതി ന്യായം വിധിക്കുവാൻ കോടതികൾക്കും ഭരണകൂടത്തിനുമല്ല അവകാശവും അധികാരവും, മറിച്ച് (എപ്പോഴും) പീഢിപ്പിക്കപ്പെട്ട സ്ത്രീയ്ക്കു തന്നെയാണ്.

പീഢിപ്പിച്ച പുരുഷനെ/പുരുഷന്മാരെ വധിക്കുവാൻ പോലുമുള്ള തീരുമാനം പീഢിപ്പിക്കപ്പെട്ട സ്ത്രീ തനിച്ചോ ബന്ധുജനങ്ങളുടെ ഉപദേശങ്ങളോടെയോ സ്വീകരിക്കുന്നതാണ്. സ്ത്രീയ്ക്ക് ശാസ്ത്രീയമായ ഉപദേശം ആവശ്യമുണ്ടെങ്കിൽ നൽകുക, കുറ്റവാളിയെ പിടിച്ചുകെട്ടി സ്ത്രീയുടെ മുന്നിൽ ഹാജരാക്കുക, ശിക്ഷ വിധിക്കാനും നടപ്പാക്കാനും സ്ത്രീയെ ധർമ്മശാസ്ത്രപരമായി സഹായിക്കുക, സ്ത്രീയ്ക്ക് മാനസികമായോ ശാരീരികമായോ ആരോഗ്യമില്ലെങ്കിൽ ധർമ്മശാസ്ത്രങ്ങൾ അറിയാവുന്നവരും ദൈവാനുഭവങ്ങൾ ഉള്ളവരുമായ വ്യക്തികളെക്കൊണ്ട് ന്യായവിധി നടത്തിക്കുക, പീഢിപ്പിക്കപ്പെട്ട സ്ത്രീ വധിക്കപ്പെടുകയാണെങ്കിൽ കുറ്റവാളിയെ ഒറ്റപ്പെട്ട ദ്വീപിലേക്ക് 10-15 വർഷം എന്നിങ്ങനെ നിശ്ചിതമായ കാലത്തേക്ക് നാടുകടത്തുക തുടങ്ങിയവ മാത്രമാണ് ഭരണകൂടത്തിന്റെ കടമ.

ആധുനിക കാലത്ത് മൊബൈൽ ഫോണുകളിലൂടെയും, ഇന്റർനെറ്റിലൂടെയും, ടെലിവിഷൻ പത്രം മാഗസിനുകൾ തുടങ്ങിയ മാധ്യമങ്ങളിലൂടെയും, സ്ത്രീയുടെ സ്വകാര്യ ശരീരത്തെ, (സ്ത്രീയുടെ സമ്മതമില്ലാതെയും സമ്മതത്തോടെയും) അശ്ലീലപരമായി പ്രദർശിപ്പിക്കുന്നതും പ്രസിദ്ധീകരിക്കുന്നതും സ്ത്രീ-പീഢനത്തിൽ പെടുന്നു. ആവിധത്തിൽ പീഢിപ്പിക്കുന്നവരെയും സ്ത്രീയുടെ ഇച്ഛപോലെ ശിക്ഷിക്കുവാൻ മേല്പറഞ്ഞതുപോലെ ഭരണകൂടം ഇടപെടേണ്ടതുണ്ട്.

സ്ത്രീ സമ്മതിച്ചാൽ പോലും സ്ത്രീ ശരീരത്തെ അശ്ലീലപരമായി പൊതുസമൂഹത്തിൽ പ്രദർശിപ്പിക്കുവാനും, ചിത്രങ്ങളും ശില്പങ്ങളും വരയ്ക്കുവാനും/നിർമ്മിക്കുവാനും പ്രസിദ്ധീകരിക്കുവാനും/പ്രദർശിപ്പിക്കുവാനും പ്രചരിപ്പിക്കുവാനും യാതൊരാൾക്കും അവകാശമില്ല. അധമമായ വ്യക്തിസ്വാതന്ത്ര്യങ്ങൾ അഥവാ ധർമ്മശാസ്ത്രപരമല്ലാത്ത ആനന്ദങ്ങൾ പുലർത്തുവാൻ വ്യക്തികൾക്ക് നാട് ഉപേക്ഷിച്ച് കാട്ടിലെ ജീവിതം സ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ട്. ആദ്യ മഹാകാലചക്രത്തിലെ കാമപരം ഉൾപ്പെടെയുള്ള പിഴവുകൾക്ക് അനവധി (ദുർ)ദേവതകളുടെ അധമത്തം കൂടി കാരണമായിട്ടുണ്ട്.

മഹാശാസ്ത്രം അഥവാ ദൈവം, കുഞ്ഞുങ്ങളുടെ സൃഷ്ടിയിലൂടെ സ്ത്രീയെ സൃഷ്ടിയുടെ അധികാരിയാക്കുമ്പോഴും, സ്ത്രീയ്ക്ക് പ്രത്യേക സ്നേഹവാത്സല്യങ്ങളും അധികാരങ്ങളും നൽകുമ്പോഴും, സ്ത്രീയ്ക്ക് കുഞ്ഞുങ്ങളുടെ കാര്യത്തിൽ വർദ്ധിച്ച ഉത്തരവാദിത്തങ്ങൾ ഉണ്ട്. സമൂഹത്തിൽ ധാർമ്മികശുദ്ധി പൂർത്തിയാവുന്നത് സ്ത്രീകൾ കുടുംബകാര്യങ്ങളിൽ ശ്രേഷ്ഠമാവുമ്പോഴാണ്; ഗൃഹജോലികൾ ഉൾപ്പെട്ട കുടുംബഭരണം സ്ത്രീയെ ഏല്പിച്ചുകൊണ്ട് കുടുംബത്തിന്റെ യജമാനയായി ദൈവം സ്ത്രീയെ മഹാഉയർത്തിയിരിക്കയാണ്. ഭാവി തലമുറയുടെ സൃഷ്ടിയും ധാർമ്മിക ശുദ്ധിയോടെയുള്ള വളർച്ചയും ശ്രദ്ധിക്കേണ്ടതും സ്ത്രീ തന്നെ.

(നൂറ്റാണ്ടുകളായി ഇക്കാര്യത്തിൽ സംഭവിച്ച പിഴവുകൾ സമൂഹത്തിൽ ഇന്നുള്ള ധാർമ്മിക അധഃപതനത്തിന് ഒരു മുഖ്യ കാരണമാണ്.). കൂടാതെ സ്ത്രീകൾക്കായുള്ള വൈദ്യം, അദ്ധ്യാപനം, വസ്ത്രം തുന്നൽ തുടങ്ങിയ ഏതാനും തൊഴിലുകളും സ്ത്രീകൾക്കായുണ്ട്. പശുക്കളെ വളർത്തുക എന്നുള്ളതും സ്ത്രീയുടെ മുഖ്യമായ ഗൃഹജോലികളിൽ പെടുന്നുണ്ട്. സ്ത്രീയെ പശുപാലനത്തിൽ പുരുഷൻ സഹായിക്കേണ്ടതുണ്ട്. (സ്ത്രീയുടെ ഔന്നത്യത്തെപ്പറ്റി ദീർഘമായി വിവരിക്കുന്ന പ്രത്യേക പേജ് ഓംസത്യം ഡോട്ട്കോം വെബ്സൈറ്റിലുണ്ട്.).

ശക്തി-ശാസ്ത്രപ്രകാരം സ്ത്രീയ്ക്ക് കുടുംബത്തിൽ 70 ശതമാനം അധികാരവും പുരുഷന് 30 ശതമാനം മാത്രം അധികാരവുമാണ് ദൈവം വിധിച്ചിട്ടുള്ളത്. സ്ത്രീയുടെയും കുടുംബത്തിന്റെയും ആനന്ദത്തിനു വേണ്ടി പുരുഷനെ കുടുംബത്തിന്റെ നായകനാക്കേണ്ടതും നായകസ്ഥാനം പിൻവലിക്കണമോ എന്നു നിശ്ചയിക്കേണ്ടതും സ്ത്രീയാണ്. ആനന്ദകരമായ പ്രസ്തുത അധികാരങ്ങൾ മായ പ്രത്യക്ഷമാകുന്നതോടെ സ്ത്രീയ്ക്ക്  സമ്പൂർണ്ണമായും ലഭിക്കുന്നതുമാണ്. സ്ത്രീയുടെ ദാസനായി പുരുഷൻ മാറുന്നതാണ്; അത്യാനന്ദകരമായ ദാസത്വമാണ് ഉരുത്തിരിയുന്നത്, അഹംപരമല്ല. സദാചാരശാസ്ത്രത്തിന്റെ മികവ് വിശകലനം ചെയ്യുമ്പോൾ ആയത് ഏവർക്കും ബോധ്യമാകുന്നതാണ്. ഗൃഹത്തെയും കുടുംബത്തെയും ഭാവിതലമുറയെയും മംഗളമായി സംരക്ഷിക്കുവാനുള്ള ഉന്നത കടമകളെ നിവർത്തിക്കേണ്ട സ്ത്രീ ആഫീസുകളിലും വയൽ പാടങ്ങളിലും മറ്റുമല്ല ജോലിചെയ്യേണ്ടത്.

// അച്ഛന് പ്രാധാന്യം കൊടുക്കുന്ന സാമൂഹ്യരീതി തെറ്റാണെന്നും മുകളിലെ വിശദീകരണങ്ങളിൽ നിന്നും സുവ്യക്തമാണ്. മാത്രമല്ല, അമ്മയ്ക്ക് ഏതൊരു കുട്ടിയെയും കാമസേവനം ചെയ്തുപോലും വളർത്താൻ ധർമ്മശാസ്ത്രം അഥവാ ദൈവം മഹാഅനുവദിച്ചിരിക്കുകയാണ്. വളർന്നുവരുമ്പോഴും വളർന്നശേഷവും അമ്മമാരുടെ സ്വഭാവശുദ്ധിയെ ചോദ്യംചെയ്യുന്ന ചില കുട്ടികളുടെ രീതി തെറ്റാണ്. തള്ളക്കിളി ചുണ്ടിൽ ഭക്ഷണവുമായി വരുന്നത് പലപ്പോഴും അനവധി പ്രയാസങ്ങൾ തരണംചെയ്താണ്, എന്നാൽ വായ് പിളർന്ന് ഭക്ഷണത്തിനായി ആർത്തിയോടെ കാത്തിരിക്കുന്ന കുഞ്ഞുകിളികൾ, തള്ളക്കിളി കൊണ്ടുവരുന്ന ഭക്ഷണം വെട്ടിവിഴുങ്ങുന്നതല്ലാതെ അതെങ്ങനെ കിട്ടി, തള്ളക്കിളി ഭക്ഷിച്ചോ എന്നതൊന്നും വിഷയമാക്കുന്നില്ല. ഹേയ് മനുഷ്യക്കുഞ്ഞുങ്ങളെ, കുഞ്ഞായിരിക്കെ ഭക്ഷണത്തിന് ആർത്തി കാണിച്ചതല്ലാതെ അമ്മയെങ്ങനെ ഭക്ഷണം നൽകിയെന്നതോ, അമ്മ ഭക്ഷിച്ചോ എന്നതും നിങ്ങൾക്കും വിഷയമല്ലായിരുന്നു. നിങ്ങളുടെ അമ്മ /വളർത്തമ്മ വഴിവിട്ട് സഞ്ചരിച്ചുവെങ്കിൽ അതിനു കാരണം അമ്മയല്ല, സമൂഹ-ഭരണകൂടമാണ്. അവർ ലജ്ജിക്കട്ടെ. കുഞ്ഞിനെ വളർത്തുവാൻ ത്യാഗങ്ങൾ സഹിച്ച അമ്മയുടെ /വളർത്തമ്മയുടെ പേരിൽ അഭിമാനിക്കുന്നവരായി മാത്രം തല ഉയർത്തുവിൻ. കാമസേവന വൃത്തി ചെയ്ത് മക്കളെ പരിപാലിക്കുന്ന ഒരമ്മയുടെ ശ്രേഷ്ഠത, ഇന്നത്തെ ഭരണ കാര്യാലയങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്കില്ല എന്നു തന്നെയാണ് വ്യക്തമാക്കിയത്.

ജീവിതകാര്യങ്ങളിൽ പ്രയാസമുണ്ടാകുമ്പോൾ കാമസേവന -വൃത്തിയെ കുറുക്കുവഴിയായിട്ടു സ്വീകരിക്കുന്ന സ്ത്രീയ്ക്ക് തീർച്ചയായും ശിക്ഷയുണ്ട് എന്നതും അറിഞ്ഞു കൊള്ളണം. അമ്മയെ കൂടുതൽ സ്നേഹിക്കണം എന്നു പറയുമ്പോൾ, ധർമ്മശാസ്ത്ര പരമായിട്ട് തങ്ങളുടെ ധർമ്മങ്ങൾ നിവർത്തിക്കുന്ന അച്ഛനെയും സ്നേഹിക്കുക തന്നെ വേണം. //

മനുഷ്യന് 50 സ്ത്രീജന്മങ്ങൾ, 50 പുരുഷജന്മങ്ങൾ, എന്നിവ ചേർന്ന 100 ജന്മങ്ങൾ ഉള്ളത് ശാസ്ത്രപരമായി ബോധ്യപ്പെടുന്നതോടെ സ്ത്രീപുരുഷ സമത്വം എന്ന അധമ-വാദം അസ്തമിക്കുന്നതാണ്. സൃഷ്ടിയിൽ സ്ത്രീയ്ക്ക് പ്രാമുഖ്യം, സ്ഥിതിയിൽ പുരുഷന് പ്രാമുഖ്യം, സംഹാരത്തിൽ ഇരുവരും തുല്യർ എന്നിങ്ങനെ സ്ത്രീയ്ക്കും പുരുഷനും സമത്വം നല്കുന്ന ദൈവത്തിന്റെ മഹാനീതി, ഇമഹാഗ്രന്ഥത്തിലെ മഹാകാര്യങ്ങളെ പഠിക്കാൻ ഭാഗ്യമുണ്ടാകുന്നവർക്ക് പെട്ടെന്നു മനസ്സിലാകുന്നതാണ്.

90 മുതലുള്ള ജന്മങ്ങളിലൊന്നിൽ പുരുഷന് അർദ്ധമഹാദേവിയായ പരമശിവനിലൂടെ ദൈവം മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നല്കുകയും ദൈവാരാധനയ്ക്ക് യോഗ്യനാക്കുകയും ചെയ്യുമ്പോൾ തന്റെ ഭാര്യയായി വർത്തിക്കുന്ന സ്ത്രീ, തന്നെക്കാൾ ശ്രേഷ്ഠയാണെന്നും, കൂടാതെ തന്റെ ഭാര്യയുടെ ഒരു ഭാഗമാണ് താനെന്നുകൂടി തിരിച്ചറിയുന്നതാണ്.

ഒരു സ്ത്രീയ്ക്ക് പുരുഷനായി ജനിക്കാനും ജീവിക്കാനും കഴിയുകയും, പുരുഷന് സ്ത്രീയായി ജനിക്കാനും ജീവിക്കാനും കഴിയുമ്പോൾ മാത്രമേ ഭൗതിക-ശരീരരൂപം കൊണ്ടു പോലും സമത്വം സാദ്ധ്യമാകൂ എന്നിരിക്കെ, സ്രഷ്ടാവ് മഹാനിശ്ചയിക്കുകയും മഹാനിർവ്വഹിക്കുകയും ചെയ്യുന്ന സമത്വം എന്തെന്ന് ധർമ്മശാസ്ത്രപരമായി അന്വേഷിക്കാൻ പരിശ്രമിക്കാതെ സമത്വത്തിന്റെ പേരിൽ കോപ്രായങ്ങൾ കാട്ടുന്നത് ധർമ്മശാസ്ത്രപരമല്ല, അഥവാ ദൈവീകമല്ല. അജ്ഞാനം കൊണ്ടും അവിവേകം കൊണ്ടുമുള്ള ദൈവനിന്ദയാണ്.

പുരുഷജന്മത്തിൽ ദൈവത്തിന്റെ പ്രതിനിധിയും പ്രപഞ്ചപിതാവുമായ പരമശിവനിലൂടെ മഹാശാസ്ത്രം ലഭിക്കാനും, ദൈവത്തെ ആരാധിക്കാനുമുള്ള യോഗ്യത നേടിക്കൊണ്ട് ആരാധിക്കുകയും ചെയ്യുന്നു. എന്നാൽ തന്റെ സ്ത്രീജന്മത്തിലാണ് വ്യക്തിക്ക് ദൈവത്തെ മഹാജഗദംബയായി ദർശിക്കാൻ കഴിയുന്നതും, മഹാദേവിയുടെ മടിയിൽ തലവെച്ചുകിടന്ന് സ്നേഹവാത്സല്യങ്ങൾ നുകരാൻ കഴിയുന്നതും. സ്ത്രീജന്മത്തിൽ അതുണ്ടാവുമ്പോൾ കാമകാര്യങ്ങളിലെ മഹാ-ഔന്നത്യം പാലിക്കപ്പെടുക കൂടിയാണ്. കാമപരമായ പവിത്രത സംരക്ഷിക്കപ്പെടണമെന്ന് മനുഷ്യരെയെല്ലാം ഉദ്ബോധിപ്പിക്കുന്ന ചൂണ്ടുപലകയാണത്. ദൈവം പോലും സ്ത്രീരൂപമെടുക്കുമ്പോൾ, വാത്സല്യ പ്രകടനത്തിന് താൻ മനുഷ്യർക്കായി മഹാനിശ്ചയിച്ചിട്ടുള്ള സദാചാരശാസ്ത്ര കാര്യങ്ങളെ ഉന്നതപ്പെടുത്തുന്നതായും, മനുഷ്യരും അത് പിൻപറ്റണമെന്നും മനസ്സിലാക്കണം.

മഹാമാതാവ് നേരിട്ട് കുഞ്ഞുങ്ങളെ പ്രസവിക്കുന്നില്ലാ എന്നതും മനുഷ്യമാതാവിനെ അക്കാര്യത്തിൽ ഉയർത്തിയിരിക്കുകയാണ് എന്നതും മനുഷ്യമാതാവിന് ദൈവം മഹാഅനുഗ്രഹിച്ചു നൽകുന്ന പ്രത്യേക ബഹുമതിയാണ്. മനുഷ്യമാതാവ് ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ഓരോ അവയവങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും സൃഷ്ടിക്കുന്നതും രക്ഷിക്കുന്നതും മഹാമാതാവായ ദൈവമാണെന്നതും കൂടി തിരിച്ചറിയേണ്ടതുണ്ട്.

മനുഷ്യൻ, വ്യക്തി എന്നീ സമീപനത്തെ മാറ്റിനിർത്തിക്കൊണ്ട്, സ്ത്രീയെ സംബന്ധിച്ച് മാത്രം പറയുമ്പോൾ, മഹാദേവിയുടെ മടിയിൽ കിടക്കാൻ കഴിയുന്നതും മഹാവാത്സല്യങ്ങളെ നുകരാൻ കഴിയുന്നതും സ്ത്രീയ്ക്കു ലഭിക്കുന്ന അഥവാ സ്ത്രീജന്മത്തിൽ മാത്രം ഓരോ വ്യക്തിക്കും ലഭിക്കുന്ന മഹാ-ബഹുമതിയാണ്, മഹാഭാഗ്യമാണ്, മഹാആനന്ദമാണ്. പുരുഷന് ലഭിക്കാത്ത മഹാ ബഹുമതിയാണത് എന്ന വ്യാഖ്യാനത്തിൽ സ്ത്രീ-പുരുഷ സമത്വമില്ല എന്നു വാദിക്കുന്നത് എത്ര മൗഢ്യമാണെന്ന് പുരുഷന് മഹാശാസ്ത്രം ലഭിക്കുമ്പോഴും, സ്ത്രീജന്മമെടുക്കുമ്പോഴും തെളിയുന്നു. ദൈവം മഹാ-സമത്വത്തെ മഹാനിർവ്വഹിക്കുന്നു ! മഹാനീതിപതിയാണ് ദൈവം. മഹത്വം ദൈവത്തിനു മാത്രം...

...

**ഭാര്യ, കുഞ്ഞുങ്ങൾ, (മാതാവ്, പെങ്ങന്മാർ), തുടങ്ങിയ ഉറ്റവരായ സ്ത്രീജനങ്ങളെ സംരക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടത് സ്വന്തം ആവശ്യമാണ്. മാതാവ്, പെങ്ങന്മാരും അവരുടെ മക്കളും, ഭാര്യ, മക്കൾ, എന്നിങ്ങനെ ഉറ്റവരോടുള്ള കടമയായ സ്വന്തം പകുതിയെ ചെറുപ്പ കാലത്ത് ഈയുള്ളവൻ നിറവേറ്റിയിട്ടുണ്ട്. ആർക്കും ഒരു അപകടവും വരുത്താതെ, ദൈവത്തിന്റെ പകുതി ദൈവവും മഹാഅനുഗ്രഹിച്ച് പൂർത്തിയാക്കി. ഈ സന്ദേശത്തെ പഠിക്കുന്നവർക്കും അതിനു കഴിയട്ടെ. കുട്ടികളെ, പ്രത്യേകിച്ചും പെൺകുട്ടികളെ നല്ല അദ്ധ്യാപകരിൽ നിന്നും കരാട്ടെ ഉൾപ്പെടെയുള്ളവ അഭ്യസിപ്പിക്കാൻ ശ്രദ്ധിക്കാവുന്നതാണ്. ധർമ്മ ശാസ്ത്ര നിയമങ്ങളിൽ എന്ന പോലെ കരാട്ടെ ഉൾപ്പെടെയുള്ള കായിക അഭ്യാസങ്ങളിൽ പോലീസുകാർ പരിശീലനം നേടേണ്ടത് കള്ളന്മാരെയും രാജാവിനെയും ജനങ്ങളെയും ധർമ്മ ശാസ്ത്രത്തിൽ ഉറപ്പിച്ചു നിർത്താൻ ആവശ്യമായേക്കാം. കേരളത്തിലും മറ്റും ഉണ്ടായ കളരി/ മർമ്മ കേന്ദ്രങ്ങൾ അതിനെ സൂചിപ്പിക്കുന്നുണ്ട്.**

അടിസ്ഥാന പരമായി വിവരവും വിജ്ഞാനവും ശക്തികളും കുറഞ്ഞവരെ ചൂഷണം ചെയ്ത് വ്യത്യസ്ത മത പുരോഹിതന്മാരും രാഷ്ട്രീയക്കാരും പണ്ടേ രഹസ്യമായും അധമമായും, ജീവികളുടെയെല്ലാം പരമാനന്ദമായി ദൈവം നിശ്ചയിച്ചിട്ടുള്ള കാമാനന്ദത്തെ ദുഷിപ്പിക്കുന്നവരാണ്. പൂജാരി, കത്തനാർ, ഉസ്താദ് തുടങ്ങിയവരുടെ നാറ്റക്കഥകൾ അപൂർവ്വമല്ല. അധമ / പൈശാചിക വ്യവസ്ഥിതികളുടെ ഭാഗമായവർ അധമ / പൈശാചിക പ്രവൃത്തികളെ രഹസ്യമായി ചെയ്യുന്നത് യഥാർത്ഥത്തിൽ അധമ വ്യവസ്ഥിതികളെ അനുസരിക്കലാണ്.

മതഭ്രാന്ത് കാട്ടുന്നവർ എല്ലാ മതങ്ങളെയും പഠിച്ച ശേഷമോ ഏതെങ്കിലും ഒരു മതമെങ്കിലും പൂർണമായും പഠിച്ച ശേഷമോ ഇപ്പോഴോ എപ്പോഴെങ്കിലുമോ മതവിശ്വാസി ആണോ അല്ലയോ എന്ന് സ്വയം വിശകലനം ചെയ്യുന്നത് നല്ലതാണ്; പക്ഷേ ചെയ്യില്ല. ഉദാഹരണത്തിന് ഇന്ത്യയിലെയും മറ്റും ഹിന്ദുക്കളിലും മുസ്ലീങ്ങളിലും ബഹുഭൂരിപക്ഷവും ഹൈന്ദവ വേദങ്ങളുടെയോ ഖുർആന്റെയോ അർത്ഥമോ തർജ്ജമയോ പോലും പഠിച്ചിട്ടില്ലാത്തവരും, പഠിക്കാൻ മിനക്കെടാത്തവരുമാണ്.

**വ്യക്തി, വ്യവസ്ഥിതി, എന്നിവയുടെ അർത്ഥവും വ്യത്യാസവും മനസ്സിലാക്കാൻ തൽക്കാലം കഴിവില്ലാത്തവരും, തയ്യാറാവാത്തവരുമായ മത-ജാതി-വർഗ്ഗ-വർണ്ണ-രാഷ്ട്രീയ ജീവികളായ ഊപ്പകൾ സമൂഹത്തിൽ ഏറെയുണ്ട്. എല്ലാ മതങ്ങളും ഭോഷത്തങ്ങളും ചൂഷണ സംഹിതകളും ആണെന്നത് വേറിട്ട വിഷയമാണ്. മുമ്പ് വ്യക്തമാക്കിയതു പോലെ, അധമ സംഹിതകളെ ചുമന്നു ജീവിക്കുന്ന വ്യക്തികൾ കൂടുതൽ പിഴയ്ക്കുന്നത് സ്വാഭാവികമാണ്. ഭൂമിയിലെ ഏറെക്കുറെ 90% ആളുകളും വ്യത്യസ്ത മത വിശ്വാസികളാണെന്നു പറയുമ്പോൾ, മദ്യവും പുകവലിയും മയക്കുമരുന്നും പീഢനങ്ങളും കൊലകളും ഒക്കെ നടത്തുന്നത് മേല്പടിയാന്മാരാണ്. വ്യക്തി ചെയ്യുന്ന തെറ്റുകൾക്ക്, ഭൗതിക-അസ്തിത്വം ഇല്ലാത്തതായ വിശ്വാസ പ്രമാണങ്ങളെ പഴിക്കുന്നത് ഭോഷത്തമാണെങ്കിലും, അവയെല്ലാം ഉപേക്ഷിക്കാൻ തയ്യാറായാൽ ശ്രേഷ്ഠമാണ്.**

**രക്തസാക്ഷികളെ നേടാൻ ഉത്സാഹിക്കുന്ന കൊടുംപാപികളായ രാഷ്ട്രീയ പിശാചുക്കളെ അനുകരിച്ചാൽ നഷ്ടം ഊപ്പകളെപ്പോലെ ജീവിക്കുന്നവർക്കായിരിക്കും.**

**ഏതെങ്കിലും മതത്തിൽ പെട്ട പെൺകുട്ടികളെ മറ്റു മതങ്ങളിൽ പെട്ട ഊപ്പകൾ പീഡിപ്പിക്കുമ്പോൾ, പകരത്തിനു പകരം മറ്റു മത-ജാതി-ജീവികളുടെ പൊന്നുമക്കളെ പീഡിപ്പിക്കാൻ തയ്യാറാകുന്ന സംഘങ്ങൾ കാലങ്ങളായി എല്ലാ മതസ്ഥരിലും ഉണ്ട്. ദൈവം നൽകിയ ബുദ്ധി ശക്തിയും, ശാസ്ത്ര ജ്ഞാനവും ഉപയോഗിക്കാതെ ജീവിക്കുന്നതു കൂടാതെ, മേൽപ്പറഞ്ഞ ഊപ്പ സംഘങ്ങളുടെ ഭാഗമാവാതെയെങ്കിലും ജീവിക്കുവാൻ കഴിഞ്ഞാൽ ദൈവശിക്ഷ കുറയും.**

**ക്രിസ്ത്യൻ, മുസ്ലീം, ഹിന്ദു, ബുദ്ധിസ്റ്റ് എന്നിങ്ങനെയെല്ലാം <u>മതപരമായും</u>; ദളിതർ, താണ ജാതിക്കാർ, ആദിവാസികൾ; നായർ, നമ്പൂതിരി, സുന്നി, ഷിയാ, കാത്തലിക്, ഓർത്തഡോക്സ്, യാക്കോബായ, എന്നിങ്ങനെയെല്ലാം <u>ജാതിപരമായും</u>; കൃഷിക്കാരൻ, നെയ്ത്തുകാരൻ, അദ്ധ്യാപകൻ, പോലീസുകാരൻ, പട്ടാളക്കാരൻ, ആശാരി, മേശിരി, ലേബർ, ഡോക്ടർ, വിമാന പൈലറ്റ്, എന്നിങ്ങനെയെല്ലാം <u>തൊഴിൽ പരമായും;</u> ഇന്ത്യൻ, പാകിസ്ഥാനി, ചൈനീസ്, വെള്ളക്കാരൻ, ഡച്ചുകാർ, പറങ്കികൾ, അമേരിക്കൻ, റഷ്യൻ, സൗദി അറേബ്യൻ, എന്നിങ്ങനെയെല്ലാം**

**ദേശപരമായും; സ്വയം പരിചയപ്പെടുത്തുകയോ അവകാശപ്പെടുകയോ പുലമ്പുകയോ ചെയ്യുന്ന ജനങ്ങൾക്ക് മഹാനീതിശാസ്ത്രത്തിന്റെ ഭാഗമായ ജന്മഗുണങ്ങളിൽ പെടാത്തതായ കൈകൾ, കാലുകൾ, കണ്ണ്, മൂക്ക്, വായ്, പല്ല്, തുടങ്ങിയ പ്രകടമായി കാണുന്ന അവയവങ്ങളിലോ; ഹൃദയം, തലച്ചോർ, ശ്വാസകോശം, കരൾ, ആമാശയം, കിഡ്നി, തുടങ്ങിയ പ്രകടമായി കാണാത്ത അവയവങ്ങളിലോ; അവയുടെയെല്ലാം പ്രവർത്തനങ്ങളിലോ മണ്ണും ഭൂമിയും സ്രഷ്ടാവുമായ ദൈവം എന്തെങ്കിലും വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ടെന്നു നിങ്ങൾ കരുതുന്നുണ്ടോ ? ഉണ്ടെന്നു ദുർ-വാദിക്കുന്നവർ നിങ്ങൾക്ക് അറിയാത്ത 100 ആളുകളെ മുന്നിൽ നിർത്തിയാൽ അവരുടെ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ വ്യത്യാസങ്ങളെ ശരീര പരിശോധന കൊണ്ട് കൃത്യമായി വേർതിരിക്കുമോ ?!**

**കഴിയില്ല എന്നിരിക്കെ, എത്ര കടുത്ത അപരാധമാണ് ഓരോരുത്തരും സ്രഷ്ടാവായ ദൈവത്തോടു ചെയ്യുന്നത് ? മതജാതികളെ ഉപേക്ഷിക്കാൻ കഴിയാത്തവർ ഉടനെ ആരംഭിക്കുന്ന ദൈവ വിപ്ലവം വരെ കാത്തിരിക്കാൻ തയ്യാറായാൽ നന്നായിരിക്കും !**

മതവിശ്വാസികളും മതഭ്രാന്തരും കഴിയുമെങ്കിൽ,
സൂചിത ഗ്രന്ഥത്തിലെ ഭരണഘടന, കോടതി,
ചിഹ്നം, പതാക, ദേശീയ ഗാനം തുടങ്ങിയ
താരതമ്യേന ചെറിയ കാര്യങ്ങളെയെങ്കിലും
ശാസ്ത്ര പരമായി ഖണ്ഡിച്ച് മിടുക്ക് കാണിക്കുക.
പകരം, യാതൊന്നും പഠിക്കാൻ തയ്യാറാവാതെ,
മത-ജാതി-രാഷ്ട്രീയ ജീവികളായി
ജീവിക്കുന്നതും, ആരെങ്കിലും ഷെയർ ചെയ്യുന്ന
ഭോഷത്തങ്ങളെ ഫോർവേർഡ് ചെയ്യുന്നതുമായ
ഊപ്പപ്പണികളെയും മറ്റു കോപ്രായങ്ങളെയും
അവസാനിപ്പിക്കുക.

മഹാശാസ്ത്രപരമായി ദൈവ കാര്യങ്ങളെ
പഠിക്കാനും പഠിപ്പിക്കാനും തയ്യാറാകുമ്പോൾ,
മത-ജാതി-ഉപജാതി-രാഷ്ട്രീയങ്ങൾ
അസ്തമിക്കുന്നതാണ്.

മരിച്ചവരും, കൊല്ലപ്പെട്ടവരും,
ജീവിച്ചിരിക്കുന്നവരുമായ സമസ്ത
ജനങ്ങൾക്കും മഹാസമനീതി നൽകുമ്പോൾ
മാത്രമാണ് ദൈവം മഹാനീതിപതി ആവുന്നത്.

ഭൂമിയിലെ മനുഷ്യരും മറ്റുള്ള ജീവികളും
ഉൾപ്പെടെ സമസ്ത ജീവികളും ഒരു
കുടുംബത്തിലെ അംഗങ്ങളാണ് എന്നു
തിരിച്ചറിയുന്നതാണ് അടുത്ത ഘട്ടം.

**ദൈവത്തിന്റെ മഹാഖര-രൂപമായ ഭൂമിയിലെ വസ്തുക്കളെ കൊണ്ട് ഉണ്ടാക്കിയിട്ടുള്ളതാണ് സമസ്ത ജീവികളുടെയും ശരീരം എന്നതും, സമസ്ത ജീവികളെയും മണ്ണും ഭൂമിയുമായ ദൈവം സംരക്ഷിക്കുന്നു എന്നതും വിശകലനം ചെയ്യുമ്പോൾ സുവ്യക്തമാണ്.**

**സമസ്ത ജീവികളും ദൈവത്തിന്റെ കുഞ്ഞുങ്ങളാവുമ്പോൾ, ജീവികളുടെ ഇടയിൽ ഭക്ഷണത്തിനു വേണ്ടി ഇന്നുള്ള ഹിംസയെ ദൈവം ഉദ്ദേശിച്ചിട്ടില്ല എന്ന് മനസ്സിലാക്കാൻ കഴിയും. ഹിംസ, ഹിംസ്ര മൃഗങ്ങൾ എന്നിവ രൂപപ്പെട്ടത് മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെ ധാർമ്മികമായ അധഃപതനം കൊണ്ടാണോ എന്നത് വിഷയമാവണം.**

**ആദ്യ മഹാകാല ചക്രത്തിലെ മനുഷ്യരും ദേവതകളും ധർമ്മശാസ്ത്ര വിരുദ്ധമായിട്ട് ജീവിച്ചതു കൊണ്ടാണ് ഹിംസയും, മാംസ ഭക്ഷണവും, വന്യമൃഗങ്ങളും ഭൂമിയിൽ രൂപപ്പെട്ടത് എന്നറിയുക. ദൈവ വിപ്ലവം ഉടൻ ഭൂമിയിലെങ്ങും ആരംഭിക്കുന്നതോടെ വിഷയ ശുദ്ധീകരണം ഉണ്ടാകുന്നതാണ്.**

ഭൗതിക അസ്തിത്വമുള്ളതായ മണ്ണിന്റെ നിയമങ്ങൾ ധർമ്മശാസ്ത്രപരമായ സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ ഓരോ മനുഷ്യനും നൽകിയിട്ടുള്ളത് യഥാർത്ഥത്തിൽ യാതൊരാളുടെയും സ്വാതന്ത്ര്യങ്ങളെ കുറയ്ക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ എല്ലാ രാജ്യങ്ങളിലുമുള്ള ഓരോ മനുഷ്യനും സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും സമത്വാനന്ദമെന്ന മഹാസമനീതിയെയും പ്രത്യേകം പ്രത്യേകമായിട്ട് മഹാഅനുഗ്രഹിച്ചു നൽകാനുള്ള മഹാആവിഷ്ക്കാരം കൂടിയാണ് ധർമ്മ ശാസ്ത്രം.

മനുഷ്യർ തട്ടിക്കൂട്ടുന്ന നിയമങ്ങളെല്ലാം ഭൗതിക അസ്തിത്വമില്ലാത്തവയും, മനുഷ്യരെ അടിമകളാക്കുന്നവയും ധാർമ്മിക അധഃപതനങ്ങൾക്ക് കാരണമാകുന്നവയുമാണ്.

ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, പോലീസും സൈനികരും ഉൾപ്പെടെ എല്ലാ ജനങ്ങളും, ധാർമ്മികമായിട്ട് ഉയരുന്നതാണ്. മന്ത്രിമാരും മറ്റും തട്ടിക്കൂട്ടുന്ന അധമ നിയമങ്ങളെയും ആജ്ഞകളെയും നിർദ്ദേശങ്ങളെയും അനുസരിക്കുന്ന ഏറാൻമൂളിത്തവും അടിമത്തവും അവസാനിക്കുന്നതാണ്.

**എല്ലാ വിഷയങ്ങളെയും ധർമ്മശാസ്ത്ര പരമായിട്ട് സ്വയം വിശകലനം ചെയ്ത് ധർമ്മശാസ്ത്ര പരമായിട്ട് പ്രവർത്തിക്കുമ്പോൾ മാത്രമാണ് തങ്ങൾക്ക് പുരുഷന്മാരും മനുഷ്യരും ജനങ്ങളുടെ ഭാഗവുമായിട്ട് പരിവർത്തനം ഉണ്ടാവുക എന്ന് സുവ്യക്തമായി തിരിച്ചറിയുന്നതാണ്. അധമ-നീച കോപ്രായങ്ങളെ തൊഴിലുകളായി തെറ്റിദ്ധരിച്ച് അധമരായ ഭരണാധികാരികളുടെ അടിമകളായിട്ടാണ് കഴിഞ്ഞു പോന്നത് എന്നതും പോലീസ് സേനയും നിരവധി സർക്കാർ-ജീവനക്കാരും തിരിച്ചറിയുന്നതാണ്; തിരുത്തുന്നതുമാണ്. അനേകായിരം വർഷങ്ങളായിട്ട് സമൂഹത്തിൽ സംഭവിച്ചു പോരുന്ന അപചയങ്ങൾക്ക് ഇന്നലെയോ ഇന്നോ പട്ടാളക്കാരും പോലീസുമായിട്ടും മറ്റും തൊഴിൽ നേടിയവരെ കുറ്റപ്പെടുത്തുന്നത് തെറ്റാണ്. സൗജന്യമായിട്ട് മദ്യവും ദുഃസ്വാതന്ത്ര്യങ്ങളും നൽകിക്കൊണ്ട് സൈനികരുടെ ചേതനകളെ മരവിപ്പിക്കാനും എല്ലാ രാജ്യങ്ങളിലെയും ഭരണാധികാരികൾ പ്രവർത്തിച്ചുപോരുന്നത് കടുത്ത ദൈവനിന്ദയും അപരാധവുമാണ്.**

**വിഷയങ്ങളെ ധർമ്മശാസ്ത്ര പരമായിട്ട് വിശകലനം ചെയ്യുന്നതിൽ നിന്നും പട്ടാളക്കാരെ തടഞ്ഞു. ധർമ്മശാസ്ത്രപരമായിട്ട് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കഴിവില്ലാത്തവരും, ഭരണാധികാരികളുടെ അടിമകളുമാക്കി. ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ളത് ദൈവത്തിന്റെ കുഞ്ഞുങ്ങളാണെന്ന തിരിച്ചറിവ് ഉണ്ടാകാതെ വന്നു. ഒരു രാജ്യത്തിലെ പട്ടാളക്കാരെയും ജനങ്ങളെയും മറ്റൊരു രാജ്യത്തിലെ പട്ടാളക്കാരും ജനങ്ങളും ആക്രമിക്കുന്നതും വധിക്കുന്നതും വധിക്കപ്പെടുന്നതും അധമങ്ങളായ ആനന്ദങ്ങളെ നേടാനുള്ള ഉപാധികളാക്കി. മഹാപിതാവും മഹാമാതാവുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് എല്ലാ രാജ്യങ്ങളിലെയും പട്ടാളക്കാരും ജനങ്ങളുമെന്നത് അറിയണം. 'രാജ്യ രക്ഷയെന്നും പ്രതിരോധമെന്നുമുള്ള' കള്ളപ്പേരോടെ ദൈവത്തിന്റെ പൊന്നോമന - കുഞ്ഞുങ്ങളെ വധിക്കുന്നതും പീഢിപ്പിക്കുന്നതും കടുത്ത ദൈവനിന്ദയും അപരാധവും ദൈവ ശിക്ഷകളെ വാരിക്കൂട്ടുന്നതുമാണെന്ന് അറിയണം. മുമ്പ് സൂചിപ്പിച്ചതുപോലെ വധിക്കാൻ കാരണക്കാരായ രാഷ്ട്ര ഭരണാധികാരികൾക്കും, വധിച്ചവരേക്കാൾ പാപവും ദൈവ ശിക്ഷകളും ഉണ്ടെന്നറിയണം.**

**ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ മത-ജാതി-ഉപജാതി - രാഷ്ട്രീയ പ്രസ്ഥാനങ്ങളും സ്വയമെന്നോണം ഇല്ലാതാവുന്നതാണ്. പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കാൻ ഒരാൾ പോലും മുന്നോട്ടു വരുന്നതല്ല. ദൈവത്തിന്റെ സൃഷ്ടിയിൽപെട്ട ഒരു ജീവിയല്ലാ ' പ്രസ്ഥാനം' എന്നും, 'പ്രസ്ഥാനം' എന്ന ഒരു ജീവിയെയോ, ഒരു എറുമ്പിനെപ്പോലുമോ സൃഷ്ടിക്കാനോ രക്ഷിക്കാനോ ഇന്നത്തെ പ്രസ്ഥാനങ്ങളിലെ മുഴുവൻ ആൾക്കാർ ശ്രമിച്ചാലും നടക്കുന്നതല്ലാ എന്നും 'പ്രസ്ഥാനമല്ലാ വ്യക്തിയാണ് വലുതെന്നും' ഓരോ വ്യക്തിയെയും പ്രത്യേകമായി സൃഷ്ടിക്കുകയും രക്ഷിക്കുകയുമാണ് ദൈവം ചെയ്യുന്നതെന്നും, ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാസമനീതിയെ മഹാനിർവ്വഹിക്കുന്നത് ഓരോരോ വ്യക്തിയോടുമാണെന്നും, ദൈവീക ശിക്ഷകളെ വാരിക്കൂട്ടുന്നതും വ്യക്തികളാണെന്നും (യഥാർത്ഥത്തിൽ അസ്തിത്വമില്ലാത്തതായ മത-ജാതി-രാഷ്ട്രീയ പ്രസ്ഥാനങ്ങളിലാണ് ഭ്രമിച്ചുപോന്നതെന്നും) തിരിച്ചറിയുന്നതാണ്. മണ്ണിന്റെ നിയമങ്ങൾ ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ഭരണഘടനയായി മാറുന്നതും, അതോടെ നിയമസഭകൾ അവസാനിക്കുന്നതുമാണ്.**

**മണ്ണിന്റെ നിയമങ്ങൾ പ്രകാരമുള്ള അഥവാ മഹാശാസ്ത്രപരമായ രാജഭരണ/ ജനസേവന സംവിധാനങ്ങൾ ഉണ്ടാവുന്നതും ജനങ്ങൾക്ക് സാമൂഹിക നീതി ഉറപ്പായും ലഭിക്കുന്നതുമാണ്. രാജാവും മന്ത്രിമാരും നീതിന്യായങ്ങളെ ചെയ്യുന്നതോടെ ഇന്നത്തെ പൂച്ചാണ്ടിക്കോടതികൾ ഇല്ലാതാവുന്നതുമാണ്.**

**ദൈവത്തിന് യാതൊരു കാര്യങ്ങൾക്കും യാതൊരു മനുഷ്യരുടെയും യാതൊരു സഹായങ്ങളും യാതൊരിക്കലും ആവശ്യമില്ലാ എന്നറിയുക. മഹാശക്തിയായ ദൈവം, സൃഷ്ടികളായ മനുഷ്യർക്കെല്ലാം ജ്ഞാനവും സമ്പത്തും ഊർജ്ജവും സമയങ്ങളുമെല്ലാം നൽകുന്നതു കൂടാതെ നല്ലതു ചെയ്ത് പുണ്യം വർദ്ധിപ്പിക്കാനുള്ള അവസരങ്ങളെയും മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. അഹംഭാവങ്ങളും, അജ്ഞാനവും കൊണ്ട് അനേകം പേർ അവസരങ്ങളെ തിരിച്ചറിയാതെ പോകുന്നു; നഷ്ടപ്പെടുത്തുന്നു.**

**ദൈവത്തിന്റെ കുഞ്ഞുങ്ങൾ മാത്രമായ, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങൾക്കും എല്ലാ ജീവികൾക്കും എല്ലാ മംഗളങ്ങളും മഹാഅനുഗ്രഹിച്ചു നൽകുമാറാകട്ടെ !**

**ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, 'ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, യാതൊരു മതങ്ങളുമായും ബന്ധമില്ലാത്തതും, സർവ്വ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിപതിയും, (മഹാപിതാവും) മഹാമാതാവും ഏകമഹാശക്തിയും, ഏകദൈവവുമായ മഹാദേവി' മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം മഹാമഹാമഹാ-ഭീമമാണ്. അതിലെ വളരെ ചെറിയ ഒരു ഭാഗം മാത്രമാണ് മുകളിൽ വിവരിച്ചത്. കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവർക്ക് സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ കഴിയുന്ന സൂചിത മഹാവേദഗ്രന്ഥത്തിലെ ഓം, ഓംകാരം, ഓംകാര നീതിശാസ്ത്രം എന്നിവ പഠിക്കാനും സ്വയം വിശകലനം ചെയ്തു മാത്രം സ്വീകരിക്കാനും കഴിയട്ടെ; മഹാദേവി അനുഗ്രഹിക്കട്ടെ !**

**ധർമ്മ ശാസ്ത്ര പാഠങ്ങളെ ലളിതമായി പരസ്പരം ബോദ്ധ്യപ്പെടുത്താൻ ഉപകരിക്കുന്ന രണ്ടു പ്രാർത്ഥനകളും, ദൈവീക-സ്തുതിയും കുറിക്കുന്നു. ഇഷ്ടം പോലെ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം.**

(1). **"യാതൊരു അഹംഭാവങ്ങളും, അജ്ഞാനങ്ങളും, അഹങ്കാരങ്ങളും, പൊങ്ങച്ചങ്ങളും, കാപട്യങ്ങളും, അസൂയകളും, അസത്യങ്ങളും, അധർമ്മങ്ങളും, അനീതികളും, അവിവേകങ്ങളും, ദുഷ്ക്കാമങ്ങളും, ദുഷ്ചിന്തകളും, ദുശ്ശീലങ്ങളും, ദുഷ്ക്കോപങ്ങളും, ദുർഭാഷണങ്ങളും, ദുഷ്ച്ചെയ്തികളും, ദുർഗ്ഗുണങ്ങളും, ദുസ്വാർത്ഥങ്ങളും, യാതൊരിക്കലും ഉണ്ടാകാതെ എല്ലായ്പോഴും (ഈയുള്ളവനെ / ഈയുള്ളവളെ) മഹാഅനുഗ്രഹിക്കേണമേ" എന്ന് സാധിക്കുമ്പോഴെല്ലാം ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, യാതൊരു മതങ്ങളുമായും ബന്ധമില്ലാത്തതും, സർവ്വ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിപതിയും, (മഹാപിതാവും) മഹാമാതാവും ഏകമഹാശക്തിയും, ഏകദൈവവുമായ മഹാദേവിയോട് പ്രാർത്ഥിക്കുകയും, അവ നേടാനായി സദാ പ്രയത്നിക്കുകയും ചെയ്യുക.**

**(2) ഈ സന്ദേശത്തെ പഠിക്കുന്നതു മുതൽ ഭാര്യക്ക് ഭർത്താവിനോടും, ഭർത്താവിന് ഭാര്യയോടും, അഥവാ ഇണയോടു മാത്രം, കാമവികാരങ്ങളും കാമവിചാരങ്ങളും കാമസംഭാഷണങ്ങളും കാമലീലകളും കാമമനോഭാവങ്ങളും കാമബന്ധങ്ങളും ഉള്ളവളാക്കി / ഉള്ളവനാക്കി എല്ലായ്പ്പോഴും മഹാ -അനുഗ്രഹിക്കണമേയെന്ന് ദിവസവും പ്രാർത്ഥിക്കുകയും അതിനായി പ്രയത്നിക്കുകയും ചെയ്യുക. അപ്രകാരം ചെയ്യുന്ന ദമ്പതികൾക്ക് ദൈവത്തിന്റെ മഹാവാത്സല്ല്യത്തെ തീർച്ചയായും ഏറ്റവുമധികം ലഭിക്കുന്നതാണ്.**

## ദൈവീക-സ്തുതി

**'ഓം നമഃ ശിവായ' എന്ന ദൈവീക സ്തുതി മാത്രം സാധിക്കുമ്പോഴെല്ലാം മനസ്സിൽ സദാ ഉരുവിടുന്നത് ശീലമാക്കുക. ഉച്ചത്തിലും ഉരുവിടാം. ഓം നമഃ ശിവായ എന്നതിനു പകരം 'ഓം ശിവായ നമഃ', 'ദേവീ ശരണം', 'അമ്മേ ശിവാ' എന്നിവയും ഇഷ്ടം പോലെ ആവാം.**

**ഓം നമഃ ശിവായ = മഹാശിവയെ /മഹാദേവിയെ നമിക്കുന്നു. ശിവയിൽ ശിവനും, ശിവനിൽ ശിവയും ഉണ്ട് എന്നും അറിയുക.**

**ദൈവ വിപ്ലവം ആരംഭിക്കും വരെ,**

**മതപരമായ പദങ്ങളെ ഉപയോഗിക്കാൻ ആഗ്രഹിക്കുന്നവർക്ക് ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദ് റസൂലുല്ലാഹ്, അല്ലാഹു അക്ബർ, 'സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവത്തിനു മാത്രം മഹത്വം, തുടങ്ങിയ ഉന്നതമായ ദൈവീക വചനങ്ങളെ ഉപയോഗിക്കാനാവും.**

**((ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, യാതൊരു മതങ്ങളുമായും ബന്ധമില്ലാത്തതും, സർവ്വ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിപതിയും, (മഹാപിതാവും) മഹാമാതാവും ഏകമഹാശക്തിയും, ഏകദൈവവുമായ മഹാദേവി എന്ന വാചകത്തെ വിശകലനം ചെയ്യാൻ കഴിയുന്നവർക്ക് അല്ലാഹു, പരിശോദ്ധാത്മാവ് എന്നിവയുടെ നിർവ്വചനം യോജിക്കുന്നത് കാണാം.**

**മതാചാര്യന്മാർക്ക് ഏതാനും വെളിപാടുകൾ ലഭിച്ചിട്ടുണ്ട് എന്നതും ശരിവെയ്ക്കപ്പെടുമ്പോൾ, അവരുണ്ടാക്കിയ കൊടിയ അബദ്ധങ്ങളെ ന്യായീകരിക്കാനും സ്വീകരിക്കാനും ഇറങ്ങി പുറപ്പെടരുത്.**

**ഏതൊന്നും മണ്ണിൽ അടിഞ്ഞിട്ടുള്ള ഭൗതിക അസ്തിത്വം ഉള്ളതായ മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം ശരിയാണെങ്കിൽ മാത്രം സ്വീകരിക്കുവാൻ മണ്ണായ ഭൂമിയിൽ ജീവിക്കുന്നവർക്ക് ദൈവീകമായ സ്വയം ബാദ്ധ്യതയുണ്ട്...**

**ദൈവീകമായ സ്നേഹ വാത്സല്യങ്ങളോടെ, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, യാതൊരു മതങ്ങളുമായും ബന്ധമില്ലാത്തതും, സർവ്വ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിപതിയും, (മഹാപിതാവും) മഹാമാതാവും ഏകമഹാശക്തിയും, ഏകദൈവവുമായ മഹാദേവിയുടെ മഹാദാസനും മഹാദേവനുമായ പരമശിവൻ.**

2018 **ഏപ്രിൽ** 15, **ഞായറാഴ്ച.**

Ref.**മഹാവേദം** :https://drive.google.com/file/d/0B3b8QSCTai1PbHR5OGVPSGpFbVk/view?usp=drivesdk

OR www.omsathyam.com/GodlyRevolution/MahaaVedam.pdf

& NationalSongEmblemFlagConstitutionCourtEtc.pdf
https://drive.google.com/file/d/10CEkm7pYjBB0BsgCybOnxI_Dg_TjP8zN/view?usp=drivesdk

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.**